“CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി- 05.06.2023

# “കൈക്കൂലി വാങ്ങവെ റവന്യൂ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ”

തൃശ്ശൂർ കോർപ്പറേഷന്റെ കൂർക്കഞ്ചേരി സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ നാദിർഷയാണ് 2000/- രൂപ കൈക്കൂലി വാങ്ങവെ തൃശ്ശൂർ വിജിലൻസിന്റെ പിടിയിലായത്.

കൂർക്കഞ്ചേരി പനമുക്ക് സ്വദേശിയായ പരാതിക്കാരൻ, ടിയാന്റെ അമ്മയുടെയും, സഹോദരിയുടെയും പേരിലുള്ള വീടിന്റെ ഉടമസ്ഥാവകാശം മാറ്റി കിട്ടുന്നതിലേക്കായി ഇക്കഴിഞ്ഞമാസം 24 ആം തീയതി തൃശ്ശൂർ കോർപ്പറേഷന്റെ കൂർക്കഞ്ചേരി സോണൽ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 30 ആം തീയതി റവന്യൂ ഇൻസ്പെക്ടർ നാദിർഷ സ്ഥല പരിശോധനയ്ക്കായി വീട്ടിലെത്തിയപ്പോൾ പരാതിക്കാരൻ സ്ഥലത്തില്ലാത്തതിനാൽ പരാതിക്കാരന്റെ അമ്മ ഓട്ടോ ചാർജ് നൽകി. തുടർന്ന് മടങ്ങിപ്പോയ നാദിർഷ പരാതിക്കാരനെ ഫോണിൽ വിളിച്ച് ഓട്ടോ ചാർജ് മാത്രം പോരാ എന്നും 2000/- കൈക്കൂലി വേണമെന്നും ഇന്ന് ഉച്ചയ്ക്ക് ശേഷം

ഓഫീസിൽ എത്തിക്കണമെന്നും ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. സി.ജി. ജിം പോളിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് ഉച്ചയ്ക്ക് 02.40 മണിയോടെ കൂർക്കഞ്ചേരി സോണൽ ഓഫീസിൽ വച്ച് പരാതിക്കാരൻ നിന്നും നാദിർഷ 2000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി- ശ്രീ. ജിം പോളിനെ കൂടാതെ പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. പീറ്റർ, ജയകുമാർ, പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. ബൈജു, പോലീസ് ഉദ്യോഗസ്ഥരായ വിബീഷ്, സൈജുസോമൻ, രഞ്ജിത്ത്, സിബിൻ, സന്ധ്യ, ഗണേഷ്, അരുൺ, സുധീഷ്, ഡ്രൈവർമാരായ ബിജു, എബി തോമസ് എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.